4730

FIRE SERVICE HEAD QUARTERS
13 MAY 2010
CG | D (T) | D.D (A) | M/AO
00472

കേരള സർക്കാർ

നം.25567/എം.1/09/പൊ.വി

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
തിരുവനന്തപുരം,
തീയതി. 2[illegible].4.2010

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ്-വിദ്യാലയങ്ങളിൽ അഗ്നിശമനോപകരണങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന : സുപ്രീംകോടതിയുടെ WP(C) No. 483/04 മേലുള്ള 13/4/2009 ലെ വിധി.

ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ശ്രീ.അവിനാഷ് മെഹ്റോത്ര ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ) നം. 483/04 മേൽ ബഹു. സുപ്രീം കോടതി 13.4.2009 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സ്കൂളുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എല്ലാ സ്കൂളുകളിലും അഗ്നിശമനോപകരണങ്ങൾ ഫിറ്റ് ചെയ്യേണ്ടതും കുട്ടികൾക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഈ ഉപകരണങ്ങൾ പ്രവർത്തിപ്പി ക്കുന്നതിനുള്ള പരിശീലനം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെയും സർവ്വ ശിക്ഷാ അഭിയാന്റേയും സഹകരണത്തോടെ ഉറപ്പാക്കേണ്ടതാണ്.

(2) നേഴ്സറി, എൽ.പി. സ്കൂൾ എന്നിവ ഒറ്റ നില കെട്ടിടങ്ങളിൽ മാത്രമേ പ്രവർത്തിക്കുവാൻ പാടുള്ളൂ. ഇതിനായി പുതിയ കെട്ടിടങ്ങൾ ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പ് നിർമ്മിച്ചു നൽകേണ്ടതാണ്.

(3) സ്കൂൾ കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുമ്പോൾ അവ ദേശീയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചാണ് പണിതിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതും അഗ്നിബാധ, പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ നിന്നും സ്കൂൾ കെട്ടിടങ്ങൾക്കും, കുട്ടികൾക്കും, അദ്ധ്യാപക അനദ്ധ്യാപകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേ ണ്ടതുമാണ്.

(4) ഉച്ചയാഹാരം പാചകം ചെയ്യുന്നതിനുള്ള അടുക്കള സ്കൂൾ കെട്ടിടങ്ങളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പക്ഷം അവ സ്കൂൾ കെട്ടിടങ്ങളിൽ നിന്നും മാറ്റി സ്ഥാപിക്കേണ്ടതാണ്. സ്കൂൾ കെട്ടിടങ്ങളുടെ വയറിംഗ്, ഇലക്ട്രിക്കൽ

സംവിധാനത്തിലെ അപാകത പരിഹരിച്ച് സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഇലക്ട്രിക്കൽ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(5) സ്കൂളുകൾക്കാവശ്യമായ ജലസംഭരണി, ക്ലാസുമുറികൾക്കാവശ്യമായ അധിക വാതിലുകൾ, പ്രഥമശുശ്രൂഷാ കിറ്റുകൾ, സ്കൂൾ കെട്ടിടങ്ങളുടെ പഴയതും നശിച്ചതുമായ വയറിംഗ് മാറ്റുക തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പാടാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ആവശ്യത്തിലേക്ക് വേണ്ട തുക നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

(6) എല്ലാവർഷവും കേരളത്തിൽ ജൂലൈ 11 അഗ്നിസുരക്ഷാ ദിനമായി (കുംഭകോണം അപകട ദിനം) ആചരിക്കുന്നതിനും പ്രസ്തുത ദിവസം സ്കൂൾ അവധി ദിനമായാൽ അതിനടുത്ത ദിവസം അഗ്നി സുരക്ഷാ ദിനമായി ആചരിക്കേണ്ട താണ്.

(7)എല്ലാ സ്കൂളുകളിലും വിദ്യാലയ സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ച് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

(8) അഗ്നിശമനോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് തികയാതെ വന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

(9) എയിഡഡ് സ്കൂളുകളിലും,പ്രൈവറ്റ് സ്കൂളുകളിലും അഗ്നിശമനോപകരണങ്ങൾ സ്ഥാപിക്കുന്നതിനും പ്രഥമശുശ്രൂഷാ കിറ്റുകൾ വാങ്ങുന്നതിനും ആവശ്യമായ നിർദ്ദേശം മാനേജർമാർക്ക് ഡി.പി.ഐ, ഡി.ഡി.ഇ മുഖേന നൽകേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം,
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം,
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
കമാന്റന്റ് ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ വകുപ്പ്
ജലവിഭവ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്

ഉത്തരവിൻ പ്രകാരം

L. Lanyalakshmi

സെക്ഷൻ ഓഫീസർ